# കുരുമുളക് കർഷകർക്ക് പരിശീലനം നൽകി



ശാന്തൻപാറ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കുരുമുളക് കർഷകർക്കായി സംഘടിപ്പിച്ച സംയോജിത പോഷക പരിപാലന പരിശീലനത്തിൽ മഞ്ജു ജിൻസി വർഗീസ് ക്ലാസ് നയിക്കുന്നു

**നെടുങ്കണ്ടം** ▸ ശാന്തൻപാറ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കുരുമുളക് കൃഷിയിലെ സംയോജിത പോഷക പരിപാലനത്തെക്കുറിച്ച് കർഷകരുടെ കൃഷിയിടങ്ങളിലെത്തി പ്രദർശനവും പരിശീലനവും നൽകി. കഴിഞ്ഞ വർഷം ഉണ്ടായ പ്രളയം കുരുമുളക് കൃഷിക്ക് വൻനാശമാണ് ഉണ്ടാക്കിയത്.

ചെടികൾക്ക് സ്വാഭാവികമായി രോഗപ്രതിരോധശേഷി ഉണ്ടാക്കിയെടുക്കുന്നതിന് ആവശ്യമായ പരിപാലന രീതികളാണ് കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കർഷകർക്കായി പ്രദർശിപ്പിച്ചത്.

കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ സോയിൽ സയൻസ് വിഭാഗത്തിലെ മുതിർന്ന ശാസ്ത്രജ്ഞയായ മഞ്ജു ജിൻസി വർഗീസ് പരിപാലനരീതിയുടെ പ്രദർശനത്തിനും കർഷകർക്കുള്ള പരിശീലനത്തിനും നേതൃത്വം നൽകി. അമ്പതോളം കർഷകർക്കൊപ്പം കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ.ബിനു ജോൺ സാം, പ്രീതു കെ.പോൾ, എ.ആഷിബ, രാജകുമാരി കൃഷി ഓഫീസർ ജോൺസൻ എന്നിവരും പരിശീലന പരിപാടിയിൽ പങ്കെടുത്തു.